## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ വ്യാപനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 2132 — 10.10.2011 ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ഡോ. കെ.ടി. ജലീൽ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. സി. കൃഷ്ണൻ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ വ്യാപനം ഏറ്റവും കുറഞ്ഞ പ്രദേശങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (എ) | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ വ്യാപനം ഏറ്റവും കുറഞ്ഞ പ്രദേശങ്ങളെ സംബന്ധിച്ച് മാത്രമായി പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ 2003 ൽ ഗ്രാമീണ മേഖലയിലെ ശുദ്ധജല വിതരണം സംബന്ധിച്ച് സർവ്വെ നടത്തിയിട്ടുണ്ട്. |
| (ബി) | ഇതേവരെ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ലാത്തതും കുടിവെള്ള ക്ഷാമം നേരിടുന്നതുമായ പ്രദേശങ്ങളെ ശുദ്ധജല വിതരണ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (ബി) | നടപടി സ്വീകരിക്കുന്നുണ്ട് |
| (സി) | കുടിവെള്ള വിതരണത്തിൽ ഏറ്റവും കുറഞ്ഞ വ്യാപനമുള്ള ജില്ല ഏതാണ് ; ഏറ്റവും കൂടിയ വ്യാപനമുള്ള ജില്ല ഏതാണ്; വ്യക്തമാക്കുമോ? | (സി) | 2010 വർഷത്തെ ഇക്കണോമിക് റിവ്യൂ പ്രകാരം ഗ്രാമീണ മേഖലയിൽ ശുദ്ധജല വിതരണത്തിൻെറ വ്യാപനം ഏററവും കുറഞ്ഞ ജില്ല കോഴിക്കോടും വ്യാപനം ഏററവും കൂടിയ ജില്ല എറണാകുളവുമാണ് |

സെക്ഷൻ ഓഫീസർ